# ഏറാമല സെൻട്രൽ.എൽ.പി സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ മുഴുവൻ സ്കൂളിലും തയ്യാറാക്കുന്നു. കുട്ടിയിൽ മികച്ച രീതിയിൽ പഠനം നടക്കുക എന്ന ലക്ഷ്യത്തോടെയാണല്ലോ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ ഓരോ സ്കൂളിലും നടത്തുന്നത്. തന്റെ സ്കൂളിലെ കുട്ടികൾക്ക് വേണ്ടി പഠനാനുഭവങ്ങൾ ഫലപ്രദമായി ഒരുക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുമ്പോൾ അനുഭവപ്പെടുന്ന പ്രയാസങ്ങൾ മറികടക്കാൻ സ്കൂൾ തലത്തിലും വിദ്യാഭ്യാസ തലത്തിലും ഒട്ടേറെ ആസൂത്രണങ്ങൾ ഉൾക്കൂടി ചെയ്യേണ്ടതുണ്ട്. സാമൂഹിക പങ്കാളിത്തത്തോടെ വിദ്യാലയത്തിന്റെ സമഗ്രാസൂത്രണം നടത്തേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഫലപ്രദമായ വിദ്യാലയത്തെക്കുറിച്ചുള്ള

# ആമുഖം

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ മുഴുവൻ സ്കൂളിലും തയ്യാറാക്കുന്നു. കുട്ടിയിൽ മികച്ച രീതിയിൽ പഠനം നടക്കുക എന്ന ലക്ഷ്യത്തോടെയാണല്ലോ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ ഓരോ സ്കൂളിലും നടത്തുന്നത്. തന്റെ സ്കൂളിലെ കുട്ടികൾക്ക് വേണ്ടി പഠനാനുഭവങ്ങൾ ഫലപ്രദമായി ഒരുക്കി കൊടുക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുമ്പോൾ അനുഭവപ്പെടുന്ന പ്രയാസങ്ങൾ മറികടക്കാൻ സ്കൂൾ തലത്തിലും വിദ്യാർത്ഥി തലത്തിലും ഒട്ടേറെ ആസൂത്രണങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതുണ്ട്. സാമൂഹിക പങ്കാളിത്തത്തോടെ വിദ്യാലയത്തിന്റെ സമഗ്രാസൂത്രണം നടത്തേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഫലപ്രദമായ വിദ്യാലയങ്ങളെക്കുറിച്ചുള്ള

കാഴ്ചപ്പാടിൽ നിന്നു കൊണ്ട് സർഗാത്മക വിദ്യാലയം എന്ന തലത്തിലേക്ക് നമ്മുടെ ഓരോ വിദ്യാലയവും വികസിച്ചു വരേണ്ടതുണ്ട്.

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സാഹചര്യങ്ങൾ, മനുഷ്യ വിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വാതന്ത്ര്യവും ശിശു സൗഹൃദപരവുമായ അന്തരീക്ഷം ഒരുക്കണം. വിദ്യാലയത്തെയും അവിടെ നടക്കുന്ന പ്രവർത്തനങ്ങളെയും സമഗ്രമായി പരിക്ഷിക്കുകയും തദനുസൃതപരിപാടികൾ ആസൂത്രണം ചെയ്യുകയുമെന്നത് പ്രധാനപ്പെട്ടതാണ്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും അധ്യാപകരുടെയും ഒരുമിച്ചു ചേർന്നുള്ള പ്രവർത്തനമാണിതിനാവശ്യം.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഏറാമല സെൻട്രൽ എൽ.പി സ്കൂൾ

മേൽവിലാസം : ഏറാമല (പി.ഒ)
ഓർക്കാട്ടേരി (വഴി)
വടകര

ഫോൺ :

സ്കൂൾ കോഡ് : 16235

വിദ്യാഭ്യാസ ജില്ല : വടകര

വിദ്യാഭ്യാസ ഉപജില്ല : ചോമ്പാല

റവന്യൂ ജില്ല : കോഴിക്കോട്

ബി. ആർ. സി : വടകര

ഗ്രാമ പഞ്ചായത്ത് : ഏറാമല

ബ്ലോക്ക് പഞ്ചായത്ത് : വടകര

# വിദ്യാലയ ചരിത്രം

ഏറാമല എന്ന കൊച്ചുഗ്രാമത്തിന്റെ മധ്യഭാഗത്തായി ഏറാമല സെൻട്രൽ. എൽ. പി. സ്കൂൾ സ്ഥിതി ചെയ്യുന്നു. ഔദ്യോഗിക രേഖകളനുസരിച്ച് 1919 ൽ സ്ഥാപിതമെന്നു കാണുന്നെങ്കിലും അതിനു മുമ്പു തന്നെ സ്കൂൾ പ്രവർത്തിച്ചു വരുന്നതായി പഴമക്കാർ ഓർക്കുന്നു. 1939ൽ അംഗീകാരം ലഭിച്ചതായി ഔദ്യോഗിക രേഖകളിലുണ്ട്. ഗേൾസ്, ബോയ്സ്, മാപ്പിള എന്നിങ്ങനെ പ്രത്യേകം പ്രത്യേകം സ്കൂളുകളും പ്രത്യേകം ഭരണ സംവിധാനങ്ങളുമായി പൊതു വിദ്യാലയങ്ങൾ നടന്നു വന്നിരുന്ന കാലത്ത് ഇത് ഹിന്ദു സ്കൂളായാണ് പ്രവർത്തിച്ചിരുന്നത്. 1960 - 61 വരെ ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സ് ഉണ്ടായിരുന്നെങ്കിലും സർക്കാരിന്റെ വക പുന:സംഘടനത്തിൽ അത് ഒന്നു മുതൽ നാലുവരെയായി മാറി.

മാവത്തു നാരായണക്കുറുപ്പു ഗുരിക്കളും പുതുക്കണ്ടി ചാത്തു ഗുരിക്കളും ചേർന്ന് പാറക്കൽ കണാരൻ നമ്പ്യാരുടെ ഭൂസ്വത്തിൽ സ്കൂൾ നടത്താൻ അനുമതി വാങ്ങിയാണ് വിദ്യാലയ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ കുറച്ചുകാലം കുളങ്ങര പറമ്പിൽ സ്കൂൾ ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നു. പിന്നീട് ഇപ്പോൾ ഏറാമല സെൻട്രൽ. എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന കുന്നോത്ത് പറമ്പിലേക്ക് മാറ്റുകയാണു-ണ്ടായത്. അങ്ങനെ സ്കൂൾ കുന്നോത്ത് സ്കൂൾ ആയിത്തീരുകയും ചെയ്തു. ഗേൾസ്, ബോയ്സ് വ്യത്യാസം എടുത്തു കളയുകയും എല്ലാ സ്കൂളുക-ളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ പോലെ പ്രവേശനം കിട്ടുകയും ചെയ്ത-തോടെ സ്കൂളുകളുടെ പേരിൽ മാറ്റം വന്നപ്പോൾ ഏറാമല ഹിന്ദു ഗേൾസ് സ്കൂൾ ഏറാമല സെൻട്രൽ. എൽ. പി. സ്കൂളായി പുനർനാമകരണം ചെയ്യപ്പെട്ടു.

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.

* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക

* "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

* ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക് ഷീറ്റുകൾ എസ്. ആർ. ജിയുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

# ആദ്യകാല പ്രവർത്തനം

ജനങ്ങളുമായുള്ള കൂട്ടായ്മയിലൂടെ സ്കൂളിൽ ഒരടുക്കള പണിയാനും പുകയില്ലാത്ത അടുപ്പുണ്ടാക്കാനും നിലം സിമന്റിടാനും, സ്കൂൾ അങ്കണത്തിൽ ഒരു കിണർ നിർമ്മിക്കാനും കിണറിന് മോട്ടോർ വെക്കാനും വെള്ളം നിറയ്ക്കാൻ ടാങ്ക് വെക്കാനും, വാഷ് ബേയ്സിൻ നിർമ്മിക്കാനും ക്ലാസ് റൂമുകളിൽ അണുവിമുക്ത കുടിവെള്ള ടാപ്പ്, ഫാൻ എന്നിവ വെക്കാനും പ്രീ-പ്രൈമറിയിലെ കുട്ടികൾക്ക് കസേര കൊടുക്കാനും ജനങ്ങളുമായുള്ള കൂട്ടായ്മയിലൂടെ എടനാമല സെൻട്രൽ എൽ.പി. സ്കൂളിന്നു കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിന്റെ സഹായത്തോടെ പെൺകുട്ടികൾക്കു മൂത്രപ്പുര നിർമ്മിക്കാനും സ്കൂളിലേക്കു നടന്നു വരുന്ന ചെളി കെട്ടി കിടക്കുന്ന ഭാഗത്ത് ഒരു നടപ്പാത ഉണ്ടാക്കാനും പഞ്ചായത്ത്. മുൻകൈ എടുത്തു നടത്തിയിട്ടുണ്ട്. 2014-15 വർഷത്തിൽ എടനാമല ഗ്രാമ പഞ്ചായത്തിന്റെ വകയായി കുട്ടികളുടെ ഉച്ചഭക്ഷണത്തിന്റെ അരിയും സാധനങ്ങളും സൂക്ഷിക്കാനായി ഒരു സിങ്ക് പെട്ടിയും ലഭിച്ചിട്ടുണ്ട്.

# അവസ്ഥാവിശകലനം.

## ഭൗതികം

### ആമുഖം:-

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സൗകര്യങ്ങൾ മനുഷ്യ വിഭവശേഷി, സമ്പത്ത്, വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും ശിശു സൗഹൃദ പരമായ അന്തരീക്ഷം ഒരുക്കണം. വിഭവങ്ങളുടെ കാര്യത്തിൽ പരിഗണിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ലഭ്യതയും കാര്യക്ഷമതയുമാണ്. ലഭ്യത എന്നതു കൊണ്ട് അർത്ഥമാക്കുന്നത് സുരക്ഷിതവും ഗുണപ്രദവുമായ പഠന സൗകര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ്. കാര്യക്ഷമത എന്ന് ലഭ്യമായ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദമായ ഉപയോഗമാണ്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പ് വരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

# ജലലഭ്യത

ടാപ്പുകളുടെ എണ്ണം :

കുടിവെള്ള സൗകര്യം:

കുടിവെള്ള സ്രോതസ്സ് :

ജലശുദ്ധീകരണ പരിപാടി:
ജലശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളകളിൽ കിണറിൽ ക്ലോറിനേഷൻ നടത്തുന്നു.

# ഉച്ചഭക്ഷണം

വിദ്യാലയത്തിൽ തന്നെ ഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസവും നൽകുന്ന ഭക്ഷണ ഇനം പ്രദർശിപ്പിക്കാറുണ്ട്. വിദ്യാലയത്തിൽ പരിമിത സൗകര്യങ്ങളോടു കൂടിയ പാചകപ്പുരയാണ് ഉള്ളത്. ഗ്യാസ് സൗകര്യം ലഭ്യമാണ്. മുഴുവൻ കുട്ടികളും സ്കൂളിൽ നിന്നാണ് ഉച്ചഭക്ഷണം കഴിക്കുന്നത്.

# വൈദ്യുതീകരണം

വിദ്യാലയത്തിൽ എല്ലാ ക്ലാസിലും വൈദ്യുതിയുണ്ട്. ഫാൻ, ലൈറ്റ് എന്നിവയുണ്ട്

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1) എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക.
2) എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എടുപ്പിക്കുക
3) സർഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
4) മികച്ച വായനാശീലം വളർത്തുക
5) ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

## ഇംഗ്ലീഷ്

1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാകുട്ടികളെയും പ്രാപ്തരാക്കുക.
2) സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
3) സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
4) സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക
5) ക്ലാസ്സ്‌തല വായനാമൂല, ലൈബ്രറി എന്നിവിടങ്ങളിൽ ലഘുഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജമാക്കുക.

# പരിസരപഠനം

1) ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
2) ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3) ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക
4) ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
5) ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

# ഗണിതം

1) അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.
2) ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3) ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക
4) ആധുനിക സാങ്കേതികവിദ്യ ഗണിതപഠനത്തിനായി ഉപയോഗിക്കുക
5) ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാകുട്ടികളിലും വളർത്തുക.

# ഐ.സി.ടി. സാധ്യതകൾ

1) വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
2) അറിവ് നിർമാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിക്കുക.
3) കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# പ്രവൃത്തിപരിചയം

1) നിർമ്മാണാത്മക കഴിവുകൾ കണ്ടെത്തുക
2) പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപ്രദമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക
3) ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയാനുഭവങ്ങൾ ബന്ധിപ്പിക്കുക

# കലാപരിശീലനം

1) കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
2) കലാഭിരുചി വളർത്തുക.
3) ആധുനിക സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക
4) "ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ബോധം ജനിപ്പിക്കുന്നതരത്തിൽ പരിശീലനപരിപാടി നടത്തുക

# ആരോഗ്യകായിക വിദ്യാഭ്യാസം

1) മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2) എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക
3) ആരോഗ്യശീലങ്ങൾ വളർത്തുക.
4) ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## മലയാളം - പഠനപിന്നാക്കാവസ്ഥ

### പ്രവർത്തനം "എന്റെ ചങ്ങാതി" - പുസ്തകം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു | ആഴ്ചയിൽ ഒരുദിവസം | നിഖിലടീച്ചർ | 1000 |

### പ്രവർത്തനം: 2

പേര്: എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കച്ച ായനാശീലം ളർത്തുക | എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു "പിറന്നാൾ പുസ്തകം" പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

പ്രവർത്തനം: 3

പേര്: ഉച്ചഭാഷിണി വായന

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് ...യുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4

പേര്: അക്ഷരക്കൂട്ടം (വായനാകോർണർ)

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...കച്ച ...യനയിലും ...ർന്നുക | * ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായനാമൂല ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | 5000 |
| | * രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം: 5

പേര്: സ്കൂൾ ലൈബ്രറി

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ക്കു വനായിലം ർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി പുസ്തകങ്ങളുടെ ഉപയോഗം കാര്യക്ഷമമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ, പി.ടി.എ | 4000 |

പ്രവർത്തനം: 6

പേര്: ക്ലാസ്തല കൈയെഴുത്തു മാഗസിൻ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശയങ്ങൾ ധ്യമത്തിൽ വിഷ്കരിക്കു നുള്ള കഴിവ് ുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കൈയെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാമാസവും | ക്ലാസ്ടീച്ചർ | 2000 |

പ്രവർത്തനം: 7

പേര്: ക്ലാസ്തലപതിപ്പുകൾ

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശയങ്ങൾ വിവിധ ത്തിൽ ആവിഷ്കരി- ിനുള്ള കഴിവ് | ക്ലാസിലെ വിവരങ്ങൾ, വിദ്യാലയ വിശേഷങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ്തല പതിപ്പുകൾ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

# ഇംഗ്ലീഷ്

പ്രവർത്തനം: 1

പേര്: ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല: പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം: 2

പേര്: ഇംഗ്ലീഷ് ഡയറി (3, 4 ക്ലാസ്സുകളിൽ)

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലൂടെ | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്ടീച്ചർ | |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം: 5

പേര് : work sheet work shop

ഉപമേഖല: അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം. | ജൂലൈ | എസ്. ആർ. ജി | 4000 |

# പരിസരപഠനം

പ്രവർത്തനം : 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസ്സിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായവിധം ശില്പശാലകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ)

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക; ശാസ്ത്രീയ [illegible] ശാസ്ത്രാവബോധം എന്നിവ വികസിപ്പിക്കുക. | പരീക്ഷണക്കുറിപ്പ് | എല്ലാമാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : പരീക്ഷണ കിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ച- ക്കിനും വിലയിരുത്തലിനുമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ- ക്കിനാവശ്യമായ അനുയോജ്യമായ വസ്തുക്കൾ ശേഖരിച്ച് സജ്ജീകരിക്കുന്നതിന് | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ടീച്ചർ | 3000 |

# ഗണിതം

## പ്രവർത്തനം: 1 - ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ാഠ്യപദ്ധതിയിൽ ിർദ്ദേശിച്ചിട്ടുള്ള ുഴുവൻ പഠന നേ- ട്ടങ്ങളും എല്ലാ ുട്ടികളും ആർ- ജ്ജിക്കുക | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെ- യും ഇടവേളകളിൽ | SSG | 4000 |

## പ്രവർത്തനം : 2 - ഗണിതലാബ് (ഗണിത മധുരം)

ഉപമേഖല: ഗണിത കളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ാടിസ്ഥാന ഗണി തശേഷികൾ ുഴുവൻ കുട്ടിക- ളും ഉറപ്പിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഉപയോഗിക്കാൻ സഹായകരമായ ത- രത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023 - 24 | സ്കൂൾ മാനേജ്മെന്റ് | 15000 |

## പ്രവർത്തനം : 3 - ഗണിതമൂല

ഉപമേഖല: ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ാടിസ്ഥാന ഗണി തശേഷികൾ മുഴു- വൻ കുട്ടികളിലും ഉറപ്പിക്കുക. | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ഒരുക്കൽ. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 4 - യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും [illegible] ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം :5 - ഗണിതക്ലാസ് പി.ടി.എ

ഉപമേഖല: സി.പി.ടി.എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും [illegible]ക്കളും വിദ്യാ-[illegible] വച്ചുന്ന ഗണിതശേഷി നേടി എന്ന് ഉറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6 - ഗണിതം മധുരം

ഉപമേഖല: ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷികൾ എല്ലാവർക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ | |

# വിവരസാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : വിവരസാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ തിരിച്ചറിയൽ, പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും | PSITC | |

പ്രവർത്തനം : 2

പേര് : IT ലാബ്

ഉപമേഖല : കമ്പ്യൂട്ടർ പരിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | I.T. പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | PS.I.T.C | |

# പ്രവൃത്തിപരിചയം

പ്രവർത്തനം:1

പേര്: പ്രവൃത്തിപരിചയ ശില്പശാല

ഉപമേഖല: നിർമ്മാണകഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ർമ്മാണത്തിനുള്ള ഴിവുകൾ എല്ലാ കുട്ടികളിലും ികസിപ്പിക്കുക | പ്രവൃത്തിപരിചയ-ജ്ഞാനമുള്ള കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ | ജൂൺ-മുതൽ മാർച്ച് വരെ | ഇൻസ്ട്രക്ടർ | 2000 |

പ്രവർത്തനം: 2

പേര്: പേപ്പർബാഗ് നിർമ്മാണം

ഉപമേഖല: പ്ലാസ്റ്റിക് രഹിത സ്കൂൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്ഞാനാത്മക-വുകൾ എല്ലാ ട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണപരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | S.S.G. | |

പ്രവർത്തനം:3 പേര്: ഒറിഗാമി ഉപമേഖല: കരകൗശലപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ന്ന വിഷയപഠ-നവുമായി പ്രവൃത്തി ിചയ സമന്വയ ബന്ധപ്പെടുത്തുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ, പാഠഭാഗ ന്ന നിർമ്മാണപ്രവർത്തനങ്ങൾക്കായി മായി പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 2000 |

# സാമൂഹികാവബോധം

## പ്രവർത്തനം 1 - അതിഥിയെ അറിയൽ

ഉപമേഖല - സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ർച്ചകൾ, സംവാദ...ൾ, അഭിമുഖങ്ങൾ ...ഴിലൂടെ സാമൂഹികമായ ...റിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായവരുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

## പ്രവർത്തനം 2 - പ്രാദേശിക അറിവ്

ഉപമേഖല - നാടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...മുടെ നാടിന്റെ ചരി... മനസിലാക്കുന്നതിന് ...സ്കാരികമായ അറി... തനിമ നിലനിർത്തു...ന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

## പ്രവർത്തനം 3 - ഫീൽഡ് ട്രിപ്പ്

ഉപമേഖല - പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...മൂഹത്തിന്റെ മുന്നോട്ട് ...പ്പിന് സഹായകമാ...ന്ന സാമൂഹ്യസ്ഥാപനങ്ങ...ളുടെ പ്രാധാന്യം തിരിച്ചറി...യുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, അക്ഷയ തുടങ്ങിയവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

# സർഗ വേദി

## പ്രവർത്തനം-1-സർഗവേദി

### ഉപമേഖല: പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ലാഭിരുചി, ...ഉണർത്തുക. ...ടിക്കുന്ന സർ-...ത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SSG | |

## പ്രവർത്തനം 2 - ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ...തേ കുട്ടിയും ...ന്മനാ ഉള്ള ...വാസന പോഷിപ്പി-...ന്ന തരത്തിലു-...പരിശീലനം ...ധ്യാപകർ ...രുക്കുക. | നൃത്തം, അഭിനയം, ചിത്ര-രചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ്. മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

## പ്രവർത്തനം 3 - പ്രകടന വേദികൾ

### ഉപമേഖല: സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...രോ കുട്ടിയുടെയും വിശേഷമായ കഴി-...വുകൾ വികസനത്തി- അവസരം ...രുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽവഴി സമൂഹ-മായി പങ്കുവെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# ആരോഗ്യ- കായിക- വിദ്യാഭ്യാസം

പ്രവർത്തനം:1

പേര്: കായികാരോഗ്യം

ഉപമേഖല: എയറോബിക്സ് എക്സർസൈസ്, ഫുട്ബോൾ കോച്ചിംഗ്, zumba dance

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിന്റെ ശക്തി ...ടികളെ ബോധ്യപ്പെടുത്തി ...വരെ എത്തുലക്ഷ്യവും ...കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ്, സ്കിപ്പിംഗ് പരിശീലനം, ബാഡ്മിന്റൺ, അത്‌ലറ്റിക് പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | HM, S.R.G, P.T.A | 10,00 |

പ്രവർത്തനം:2

പേര്: കായികവിദ്യാഭ്യാസം – അധ്യാപക ശിൽപശാല

ഉപമേഖല: അധ്യാപകശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...രോഗ്യകായിക ...ദ്യാഭ്യാസത്തിന് ...ലാകുട്ടികൾക്കും ...വസരം | P.T. പിരീഡിൽ ഫിസിക്കൽ എക്സർസൈസ്, ഗെയിംസ്, എന്നിവ നൽകുന്നതിന് ക്ലാസ്സ് ടീച്ചർമാർക്ക് പരിശീലനം | ജൂൺ- മാർച്ച് | S.R.G. | 1000 |

പ്രവർത്തനം:3

പേര്: ഹെൽത്ത് ചെക്കപ്പ്

ഉപമേഖല: ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കും കായികആരോഗ്യക്ഷമത ഉറപ്പു വരുത്തുക | ആദ്യ ടേമിൽ ഹെൽത്ത് ചെക്കപ്പ് | ജൂൺ- മാർച്ച് | S.R.G, P.T.A | 1000 |